# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1686 — 14-12-2012-ൽ മറുപടിക്ക്

### പ്ലാസ്റ്റിക് കവറുകൾ സൗജന്യമായി നൽകുന്നത് നിരോധിച്ച നടപടി

| ചോദ്യം<br>**ശ്രീ. എം.ഉമ്മർ** | ഉത്തരം<br>**ഡോ. എം.കെ.മുനീർ**<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
|---|---|
| (എ) പ്ലാസ്റ്റിക് സഞ്ചികളും കവറുകളും സ്ഥാപനങ്ങളോ വ്യക്തികളോ സൗജന്യമായി നൽകുന്നത് നിരോധിച്ച് ഉത്തരവ് നിലവിലുണ്ടോ; വിശദാംശം നൽകാമോ;<br><br>(ബി) എങ്കിൽ ഇവയുടെ ഏറ്റവും കുറഞ്ഞ വില നിശ്ചയിക്കാനുള്ള അധികാരം ആരിലാണ് നിക്ഷിപ്തമാക്കിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) & (ബി) നിലവിലുണ്ട്. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 334 ബി(എ) വകുപ്പ് പ്രകാരവും കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219 ഡബ്ല്യൂ വകുപ്പ് പ്രകാരവും സാധനങ്ങൾ കൊണ്ടു പോകുന്നതിനുള്ള വിവിധതരം പ്ലാസ്റ്റിക് സഞ്ചികളുടെയും പ്ലാസ്റ്റിക് കവറുകളുടെയും ഏറ്റവും കുറഞ്ഞ വില വിജ്ഞാപന പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നിശ്ചയിക്കേണ്ടതും അങ്ങനെ നിശ്ചയിച്ച വിലയേക്കാൾ കുറഞ്ഞ വിലയ്ക്കോ, സൗജന്യമായോ അത്തരം സഞ്ചികളോ, കവറുകളോ യാതൊരു സ്ഥാപനമോ, ആളോ വിൽക്കുകയോ, നൽകുകയോ ചെയ്യാൻ പാടില്ലാത്തതും അപ്രകാരം യാതൊരു സ്ഥാപനമോ, ആളോ ചെയ്യുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിനാവശ്യമായ നടപടികൾ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) വ്യക്തികളോ, സ്ഥാപനങ്ങളോ പ്ലാസ്റ്റിക് സഞ്ചികളും കവറുകളും സൗജന്യമായി നൽകുന്നത് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) കേരള സർക്കാരിന്റെ 27-12-2011 ലെ ജി.ഒ (എം.എസ്) 323/11/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 40 മൈക്രോണിൽ കുറവ് കട്ടിയുള്ള പ്ലാസ്റ്റിക് സഞ്ചികളും കവറുകളും വ്യക്തികളോ സ്ഥാപനങ്ങളോ വിൽപ്പന നടത്തുന്നതും നൽകുന്നതും തടയുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവ പിടിച്ചെടുത്ത് കടക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ